**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3090 — 07.02.2018- ൽ മറുപടിയ്ക്ക്

**<u>രാമഗിരി കോട്ടയോട് ചേർന്നുള്ള ഭൂമി</u>**

ചോദ്യം

**ശ്രീ.മുഹമ്മദ് മുഹസിൻ പി.**

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) പട്ടാമ്പി മണ്ഡലത്തിൽ രണ്ടു പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന രാമഗിരി കോട്ടയോട് ചേർന്ന് കിടക്കുന്ന ഏതെങ്കിലും ഭൂമി, കഴിഞ്ഞ ഏഴു വർഷത്തിനിടയിൽ ഏതെങ്കിലും കാരണത്താൽ സ്വകാര്യ വ്യക്തികൾക്കോ പൊതു സംരംഭങ്ങൾക്കോ വിട്ടുകൊടുക്കേണ്ടി വന്നിട്ടുണ്ടോ; | (എ) | ഈ പ്രദേശത്തുനിന്നും ആർക്കും പട്ടയം പതിച്ചു നൽകുകയോ സ്വകാര്യ വ്യക്തികൾക്കോ പൊതു സംരംഭകർക്കോ ഭൂമി വിട്ടുകൊടുക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഭാഗപത്രപ്രകാരവും, പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 257/79 നമ്പർ കേസിലെ 24/04/1982 ലെ വിധിപ്രകാരവും, ബഹു.കേരള ഹൈക്കോടതിയിലെ 10/02/1986 ലെ എം.എഫ്.എ 471/82 വിധിപ്രകാരവും വല്ലപ്പുഴ, ഓങ്ങല്ലൂർ വില്ലേജുകളിലായി 4 കേസുകളിൽ ഭൂമി റീ സർവ്വെ റിക്കാർഡിൽ നിക്ഷിപ്തവനം എന്നത് 4 വ്യക്തികളുടെ പേരിൽ മാറ്റി നികുതി സ്വീകരിച്ചു വരുന്നു. |
| (ബി) എങ്കിൽ എത്ര ഭൂമി, ആർക്കൊക്കെ, എന്ത് കാരണത്താലാണ് വിട്ടു കൊടുക്കേണ്ടി വന്നിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**